പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.198 04.10.2016-ൽ മറുപടിയ്ക്ക്

# കായികതാരങ്ങൾക്ക് ജോലി നൽകുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.വീണാ ജോർജ്<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കായിക മികവ് തെളിയിക്കുന്നവർക്ക് ജോലി നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏത് വർഷം മുതലുള്ള മത്സരങ്ങളിലെ കായികതാരങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (ബി) 2010- മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കാണ് നിലവിൽ വിജ്ഞാപനം നടത്തിയിട്ടുള്ളത്. ഓരോ കലണ്ടർ വർഷത്തേയും ഒഴിവുകളിലേയ്ക്കും, കായികതാരങ്ങൾ അതിനു തൊട്ടുമുമ്പുള്ള 2 സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നത്. |
| (സി) മുപ്പത്തി അഞ്ചാമത് ദേശീയ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; | (സി) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കലമെഡലുകൾ കരസ്ഥമാക്കിയവരും, ടീമിനത്തിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കിയവരുമായ 68 കായികതാരങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ എൽ.ഡി.സി. ആയി നിയമനം നൽകുന്നതിന് 16.02.2016-ലെ സ.ഉ (കൈ)നം. 15/16/കാ.യു.വ പ്രകാരം നിയമന നടപടികൾ നടന്നുവരുന്നു. കൂടാതെ ദേശീയഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി ടീമിനത്തിൽ വെള്ളി, വെങ്കലമെഡലുകൾ കരസ്ഥമാക്കിയ 83 കായികതാരങ്ങൾക്ക് സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ നിയമിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |

(ഡി) കായികതാരങ്ങൾക്ക് ഓരോ വർഷവും യഥാസമയം സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

(ഡി) നിലവിലുള്ള ഒഴിവുകളിലേക്കുള്ള നിയമനം നടത്തിയതിനുശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ